10
2026
നവംബർ
ചൊവ്വ
തുലാം 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391



തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 208 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-208 പേജ് 4. വില 2.00 രൂപ

02 സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്: അംശദായം അടയ്ക്കാം

03 അഭിരാം കൊലക്കേസ്: രണ്ടും മൂന്നും പ്രതികളെ കസ്റ്റഡിയിൽ വാങ്ങി

04 അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ചു വാട്ടർ അഥോറിറ്റി

വിഴിഞ്ഞം കുതിക്കുമ്പോഴും തീരദേശം ദുരിതത്തിൽ

സ്വന്തംലേഖകൻ



വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വലിയ വികസന കുതിപ്പിലേക്ക് പോകുമ്പോഴും, അവിടുത്തെ തീരദേശവാസികൾ ഇപ്പോഴും കടുത്ത ദുരിതത്തിലാണ്. തുറമുഖ നിർമ്മാണത്തെത്തുടർന്നുണ്ടായ ശക്തമായ കടലാക്രമണം, വള്ളങ്ങൾ അടുത്തുവെക്കാനുള്ള സ്ഥലമില്ലായ്മ, വീടുകൾ നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസത്തിലെ താമസം എന്നിവ മത്സ്യത്തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലാക്കുന്നു.

കഷ്ടിച്ച് രണ്ട് കിലോമീറ്റർ മാത്രം നീളം വരുന്ന തുറമുഖ റോഡ് അടുത്ത കാലത്ത് ബൈപ്പാസുമായി ബന്ധിപ്പിച്ചെങ്കിലും ബൈപ്പാസിൻറെ സർവീസ് റോഡ് ഏതെന്നോ കണ്ടെയ്നർ റോഡ് എതെന്നോ തുറമുഖ റോഡ് ഏതെന്നോ ജനത്തിന് അറിയാൻ കഴിയാത്ത അവസ്ഥയാണ്. നിലവിലെ അശാസ്ത്രീയമായ റോഡിലൂടെ കണ്ടെയ്നറുകൾ കടന്നുപോയാൽ വൻ അപകടത്തിലേക്ക് വഴിതെളിക്കുമെന്ന് നാട്ടുകാർ പറയുന്നു.

മാസങ്ങൾക്ക് മുൻപ് പരിശോധനനടത്തിപ്പോയ ദേശീയപാത അധികൃതർ പിന്നെ ഇങ്ങോട്ട് തിരിഞ്ഞ് നോക്കിയതുമില്ല. വൻ വികസന പദ്ധതിയാണെന്ന് അവകാശപ്പെടുമ്പോഴും ജനത്തിന് ഭയം കൂടാതെ റോഡ് മുറിച്ച് കടക്കാൻ പാകത്തിൽ ഒരു സിഗ്നൽ ലൈറ്റ് സ്ഥാപിക്കാൻ പോലും അധികൃതർ മെനക്കെട്ടില്ല.

പ്രധാനപ്പെട്ട രണ്ട് റോഡുകൾ മുറിച്ച് മാത്രമേ കണ്ടെയ്നറുകൾക്ക് ബൈപ്പാസിൽ കയറാനാകൂ. കരിങ്കല്ലുമായി വരുന്ന കൂറ്റൻ ടിപ്പർ ലോറികളെയും കണ്ടെയ്നർ ലോറികളെയും നിയന്ത്രിക്കാൻ നിലവിൽ അദാനിയുടെ താൽക്കാലിക സെക്യൂരിറ്റിക്കാർക്കാണ് ചുമതല. റോഡ് മാത്രമല്ല മറ്റനുബന്ധ പ്രവർത്തനങ്ങൾ ഒന്നും തന്നെ വിഴിഞ്ഞത്ത് കണികാണാനില്ല.

തുറമുഖ കവാട റോഡ് വന്ന് ബൈപ്പാസിൽ സംഗമിക്കുന്ന സ്ഥലവികസനത്തിനായി ഏറ്റെടുക്കാനുള്ള ഭൂസർവ്വേയും നാട്ടുകാരുടെ എതിർപ്പ്കാരണം മുടങ്ങിക്കിടക്കുകയാണ്. തുറമുഖവികസനം വരേണ്ട തീര മേഖല ഉൾപ്പെടെ ഏക്കർ കണക്കിന് ഭൂമി സ്വകാര്യ വ്യക്തികൾ കൈയ്യേറിയതായി നേരത്തെ തന്നെ പരാതിയുണ്ടായിരുന്നു.

രണ്ടര വർഷത്തിനുള്ളിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് അടുത്തത് ആയിരത്തിയിരുന്നൂറോളം വൻകിട ചരക്ക് കപ്പലുകൾ. തുറമുഖം കൈകാര്യം ചെയ്തത് ഇരുപത്താറര ലക്ഷം കണ്ടെയ്നറുകൾ. അതേസമയം ലക്ഷക്കണക്കിന് കണ്ടെയ്നറുകൾ കടൽ വഴി വന്ന് പോയെങ്കിലും നാല് മാസത്തിനുള്ളിൽ കേരളത്തിന് കടൽ കടത്തി അയക്കാനായത് നാല്പത് എണ്ണം മാത്രം. കേരളത്തിനുള്ളിലേക്ക് കയറ്റി അയക്കാൻ കഴിഞ്ഞത് ആകെ ഒരെണ്ണവും. എന്നാൽവിഴിഞ്ഞം വികസിക്കുന്നതായി പറയുമ്പോഴും കരയിലെ കിതപ്പിന് മാറ്റമില്ലെന്നതിന് തെളിവാണ് ശുഷ്കമായ കയറ്റിറക്ക്.

കഴിഞ്ഞ ഓഗസ്റ്റ് ആദ്യവാരം വിദേശത്തേക്ക് കണ്ടെയ്നർ കയറ്റി വിട്ടതിൻറെ ഉദ്ഘാടനം നടത്തിയ കേരളത്തിന് ഒരെണ്ണമെങ്കിലും നമ്മുടെ നാട്ടിലേക്ക് ഇറക്കാൻ നാല് മാസം കാത്തിരിക്കേണ്ടിവന്നു.

തുറമുഖ വികസനവും തീരദേശത്തെ പ്രശ്നങ്ങളും തമ്മിലുള്ള പ്രധാന വൈരുദ്ധ്യങ്ങൾ കാരണം തീരശോഷണവും കടലാക്രമണവും രൂക്ഷമായി. പുലിമുട്ട് നിർമ്മാണം ശക്തമായതോടെ വിഴിഞ്ഞത്തിന് വടക്കോട്ടുള്ള വലിയതുറ, ശംഖുമുഖം, മുതലപ്പൊഴി തുടങ്ങിയ തീരങ്ങളിൽ കടലാക്രമണം രൂക്ഷമായതുകാരണം തീരദേശം വീണ്ടും ദുരിതത്തിലായി. നൂറുകണക്കിന് കുടുംബങ്ങൾക്ക് വീടുകൾ നഷ്ടപ്പെട്ടു.

കടലിലിറങ്ങാനും വള്ളങ്ങൾ സുരക്ഷിതമായി അടുപ്പിക്കാനും ആവശ്യമായ കരിമണൽ തീരങ്ങൾ നഷ്ടപ്പെട്ടത് മത്സ്യത്തൊഴിലാളികളുടെ ദൈനംദിന വരുമാനത്തെ ബാധിച്ചു.

ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങൾക്ക് സ്ഥിരമായ വീടുകളോ കൃത്യമായ നഷ്ടപരിഹാരമോ ഇനിയും പൂർണ്ണമായി ലഭ്യമായിട്ടില്ലെന്ന ആക്ഷേപം ശക്തമാണ്.

മുതലപ്പൊഴിയിലെ അപകടങ്ങൾ: സമീപത്തെ മുതലപ്പൊഴി ഹാർബറിൽ അടിഞ്ഞുകൂടുന്ന മണൽ കാരണം വള്ളങ്ങൾ മറിഞ്ഞ് നിരവധി മത്സ്യത്തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെടുന്നത് തുടരക്കഥയാകുന്നു.

എഥനോൾ പെട്രോൾ വിവാദം: ഉന്നതതല യോഗം വിളിച്ച് പെട്രോളിയം മന്ത്രാലയം

ന്യൂഡൽഹി: എഥനോൾ പെട്രോൾ വിവാദം വിശദമായി വിലയിരുത്താൻ ഉന്നതതല യോഗം വിളിച്ചു ചേർക്കാൻ പെട്രോളിയം മന്ത്രാലയം. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ നീക്കം രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ളതാണെന്നാണ് കേന്ദ്രസർക്കാർ കുറ്റപ്പെടുത്തുന്നത്.

കർണാടക സർക്കാർ പെട്രോൾ പമ്പുകളിൽ നടത്തിയ പരിശോധനയിൽ 30 ശതമാനത്തിന് മുകളിൽ വരെ പെട്രോളിൽ എഥനോൾ കണ്ടെത്തിയ സംഭവം വലിയ ചർച്ചയായിരിക്കുകയാണ്. പിന്നാലെ കേരളത്തിലും തെലങ്കാന ഹിമാചൽ എന്നീ സംസ്ഥാനങ്ങളിലും പരിശോധനക്ക് നിർദേശം നൽകിയതിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടെന്ന് തന്നെയാണ് കേന്ദ്രസർക്കാർ വിലയിരുത്തൽ.

പുതിയ വിവാദത്തിലൂടെ സമരത്തിന് കാരണം കണ്ടെത്തുകയാണ് കോൺഗ്രസ് എന്നാണ് ഉന്നത വ്യത്തങ്ങൾ പറയുന്നത്. ദീപാവലി അവധി കഴിഞ്ഞതോടെ പെട്രോളിയം മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ യോഗം ചേർന്ന് സാഹചര്യം വിലയിരുത്തും.

കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയും സ്ഥിതി നിരീക്ഷിക്കുന്നുണ്ട്. നേരത്തെ ഇ20 പെട്രോളിനെതിരെ വിമർശനം കടുത്തതിന് പിന്നാലെ പ്രധാന വാഹന നിർമാതാക്കളെ അടക്കം അണിനിരത്തി മന്ത്രാലയം വാർത്താ സമ്മേളനം നടത്തിയിരുന്നു.

കർണാടകയിലെ പരിശോധന ഫലം തള്ളിക്കൊണ്ട് എണ്ണ കമ്പനികളുടെ സംയുക്ത പ്രസ്താവനയാണ് കഴിഞ്ഞ ദിവസം പുറത്തിറങ്ങിയത്. ഉന്നത ഉദ്യോഗസ്ഥരും വിദഗ്ധരും ഒരുമിച്ച് വിശദമായ പ്രതികരണം നൽകുന്നതും ആലോചനയിലുണ്ട്.

നേരത്തെ കർണാടകയിലെ പെട്രോൾ പമ്പുകളിലടക്കം നടത്തിയ പരിശോധനയിൽ 21 ശതമാനം വരെ മാത്രമാണ് എഥനോൾ ബ്ലെൻഡിംഗ് എന്നാണ് കണ്ടെത്തിയത് എന്നും കേന്ദ്രം ചൂണ്ടിക്കാട്ടുന്നു. നേരത്തെ ഇ20 ജനത പാർട്ടി എന്ന പേരിലുള്ള കൂട്ടായ്മ ജന്തർ മന്ദറിൽ പ്രതിഷേധം സംഘടിപ്പിച്ചിരുന്നു. ഇ20 ജനത പാർട്ടിക്ക് പിന്നിലും കോൺഗ്രസാണെന്നാണ് ബിജെപി ആരോപണം.

പശ്ചിമേഷ്യൻ സംഘർഷം; ട്രംപുമായി ഖത്തർ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും

ദോഹ: പശ്ചിമേഷ്യയിൽ തുടരുന്ന അനശ്ചിതത്വങ്ങൾക്കിടെ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി സമാധാന ചർച്ചകൾക്ക് ഖത്തർ പ്രധാനമന്ത്രി. ഉപാധികൾ അംഗീകരിച്ചാൽ രണ്ട് ദിവസത്തിനകം ഹോർമുസ് തുറക്കാൻ തയാറെന്ന് ഇറാൻ അറിയിച്ചിട്ടുണ്ട്.ഇറാൻറെ അവസാന സന്ദേശം കൈമാറുകയും ചർച്ചകൾ സാധ്യമാക്കുകയുമാണ് ലക്ഷ്യം. പിന്നാലെ ചൈനീസ് റഷ്യൻ പ്രസിഡൻറുമാരുമായി ട്രംപ് ചർച്ച നടത്തും. നേരത്തെ പുറത്തുവന്ന ഒരു സമാധാന ഉപാധിയിൽ ചൈനയാണ് സമാധാന നീക്കങ്ങളുടെ ഭാഗമായ ഉപാധികൾ പാലിക്കുന്നത് ഉറപ്പാക്കുന്ന ഗ്യാരണ്ടർ.

പ്രതിസന്ധി തീർക്കാൻ യുറേനിയം തങ്ങൾ സൂക്ഷിക്കാമെന്ന സമവായ ഫോർമുല മുന്നോട്ടുവച്ച രാജ്യമാണ് റഷ്യ. അതിനാൽ ഈ ചർച്ചകൾ പ്രധാനമാണ് അതേസമയം ഇറാനെതിരെ മൂന്നാമതൊരു ആക്രമണത്തിന് കൂടി സാധ്യതയുണ്ടെന്ന വിവരം അമേരിക്കൻ സെൻട്രൽ കമാൻഡ് ഇസ്രയേലിനെ ധരിപ്പിച്ചതായി റിപ്പോർട്ടുകൾ പുറത്തു വന്നിരുന്നു.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച് കൊലപ്പെടുത്തി; പ്രതിയെ ഏറ്റുമുട്ടലിലൂടെ വധിച്ച് പൊലിസ്

കോൽക്കത്ത: പശ്ചിമബംഗാളിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതിയെ ഏറ്റുമുട്ടലിലൂടെ വധിച്ച് പൊലിസ്. റായ്ഗഞ്ച് സ്വദേശി ദിലീപ് കുമാറാണ് കൊല്ലപ്പെട്ടത്. 12കാരിയെ ആണ് പ്രതി പീഡിപ്പിച്ച് കൊലപ്പെടുത്തിയത്.

പുലർച്ചെ ദിനാജ്പുരിൽ വച്ച് പ്രതിയെ പിടികൂടാൻ ശ്രമിക്കുന്നതിനിടെ ഇയാൾ പൊലിസിന് നേരെ വെടിയുതിർക്കുകയായിരുന്നു. സ്വയരക്ഷയ്ക്കായി പൊലിസ് തിരിച്ചും വെടിയുതിർത്തതോടെ ഇയാൾ കൊല്ലപ്പെട്ടു. സുവേന്ദു അധികാരി സർക്കാർ അധികാരമേറ്റശേഷം ബംഗാളിൽ നടക്കുന്ന നാലാമത്തെ ഏറ്റുമുട്ടൽ കൊലപാതകമാണിത്.

ഒരു കോടി സ്ത്രീകളെ കോടീശ്വരികളാക്കും; പ്രഖ്യാപനവുമായി രേവന്ത് റെഡ്ഡി

ഹൈദരാബാദ്: തെലങ്കാനയിലെ ഒരു കോടി സ്ത്രീകളെ കോടീശ്വരികളാക്കുമെന്ന പ്രഖ്യാപനവുമായി മുഖ്യമന്ത്രി രേവന്ത് റെഡ്ഡി. 2034ഓടെ ലക്ഷ്യം പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീകളെ സ്വയം സഹായ സംഘങ്ങളിലൂടെ സാമ്പത്തികമായി ശാക്തീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. തൻറെ ജന്മദിനാഘോഷത്തോടനുബന്ധിച്ച് നടന്ന ചടങ്ങിലാണ് മുഖ്യമന്ത്രിയുടെ പ്രഖ്യാപനം. ഇതോടകം തന്നെ 70 ലക്ഷം സ്ത്രീകൾ സ്വയം സഹായ സംഘങ്ങളിൽ അംഗങ്ങളായിട്ടുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിന് മുൻഗണന നൽകുന്ന സർക്കാരാണിതെന്നും അദ്ദേഹം വ്യക്തമാക്കി. സ്ത്രീകൾ സാമ്പത്തികമായി ശക്തരും സംരംഭകരുമായി മാറേണ്ടതുണ്ട്. ജന്മദിനാഘോഷത്തോടനുബന്ധിച്ചുള്ള പരിപാടിക്കിടെ തന്നെ ഈ കാര്യം അറിയിക്കാനായതിൽ സന്തോഷമുണ്ട്. സംസ്ഥാനത്ത് പുതിയതായി 4.5 ലക്ഷം പെൻഷനുകൾ അനുവദിച്ചതായും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

സിയാലിൻറെ മൂന്നാമത്തെ ബാറിന് ലൈസൻസ് റദ്ദാക്കി; ഉത്തരവിറക്കി സർക്കാർ

തിരുവനന്തപുരം: മുൻ എക്സൈസ് കമ്മിഷണർ സീറാം സാംബശിവ റാവു അനുവദിച്ച ബാർ ലൈസൻസ് റദ്ദാക്കി സംസ്ഥാന സർക്കാർ ഉത്തരവിറക്കി. സിയാലിൻറെ മൂന്നാമത്തെ ബാറിന് ലൈസൻസ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവാണ് റദ്ദാക്കിയത്.


കമ്മിഷണർ അനുമതി നൽകിയെങ്കിലും സർക്കാർ എതിർപ്പുയർത്തിയതിനാൽ ഉത്തരവായി പുറത്തിറങ്ങിയിരുന്നില്ല.

എറണാകുളത്ത് രണ്ടും കോട്ടയത്ത് ഒന്നും ബിയർ പാർലറിന് വിദേശ മദ്യവിൽപനയ്ക്കുള്ള ലൈസൻസ് നൽകിയ എക്സൈസ് ഉദ്യോഗസ്ഥരുടെ നടപടിയിൽ എക്സൈസ് മന്ത്രി കർശന നിലപാടുമായി മുന്നോട്ട് പോകുന്നതിനിടെയാണ് സംസ്ഥാനത്ത് പുതിയ രണ്ട് ബാറുകൾക്ക് കൂടി ലൈസൻസ് അനുവദിച്ചത്.

നെടുമ്പാശേരി വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ലോഞ്ചിലെ രണ്ട് പുതിയ ബാറിനാണ് ലൈസൻസ് നൽകിത്. ട്രാവൽ ഫുഡ് സർവീസസ് ലിമിറ്റഡ് എന്ന കമ്പനിയുടെ അപേക്ഷ പരിഗണിച്ച് എയർപോർട്ട് ലോഞ്ചുകളിൽ നൽകുന്ന എഫ്എൽ 7 ലൈസൻസ് അനുവദിച്ച് സാംബശിവ റാവു ആയിരുന്നു ഉത്തരവിറക്കിയത്.



മുഖ്യമന്ത്രി വി ഡി സതീശൻറെ സാന്നിധ്യത്തിൽ ഡിപ്പാർട്ട്മെൻറ് ഓഫ് സീനിയർ സിറ്റിസണുമായി വയോജന ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന 12 സ്ഥാപനങ്ങൾ ധാരണാപത്രം കൈമാറുന്നു





സഹകരണ റിസ്ക് ഫണ്ട് പദ്ധതി ധനസഹായ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജവഹർ സഹകരണ ഭവനിൽ സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി എം. ലിജു നിർവഹിക്കുന്നു

സഹകരണ റിസ്ക് ഫണ്ട് നിബന്ധനകളിൽ ഇളവ്; കുടിശ്ശിക പരിധി ഒരു വർഷമാക്കി ഉയർത്തി: മന്ത്രി എം. ലിജു

37 കോടി രൂപയുടെ സഹകരണ റിസ്ക് ഫണ്ട് ധനസഹായ വിതരണം ആരംഭിച്ചു

സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് ആശ്വാസമായി റിസ്ക് ഫണ്ട് പദ്ധതിയുടെ നിബന്ധനകൾക്ക് ഇളവ് വരുത്തിയതായി സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി എം ലിജു. നിലവിൽ ആറു മാസത്തെ തിരിച്ചടവ് കുടിശ്ശികയുണ്ടെങ്കിൽ റിസ്ക് ഫണ്ട് ആനുകൂല്യം നിരസിച്ചിരുന്ന സ്ഥാനത്ത്, ഇനി മുതൽ ഒരു വർഷം വരെ കുടിശ്ശികയുള്ളവർക്കും സഹായം ലഭ്യമാക്കാൻ തീരുമാനിച്ചതായി മന്ത്രി പറഞ്ഞു. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതി ധനസഹായ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജവഹർ സഹകരണ ഭവനിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാരകരോഗങ്ങൾ ബാധിച്ചവർക്കും കുടുംബനാഥൻ മരണപ്പെട്ട കുടുംബങ്ങൾക്കും ആശ്വാസമേകുകയാണ് സർക്കാരിന്റെ ലക്ഷ്യം. ക്യാൻസർ, വൃക്ക രോഗം തുടങ്ങി അതീവ ഗുരുതരമായ രോഗങ്ങൾ ബാധിച്ച് വായ്പക്കാരൻ മരണപ്പെട്ടാൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെങ്കിലും റിസ്ക് ഫണ്ട് ആനുകൂല്യം നൽകാൻ നിർണായക തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായുള്ള പുതിയ ചട്ടങ്ങൾക്ക് രൂപം നൽകിയതായും മന്ത്രി പറഞ്ഞു. സാധാരണക്കാരുടെ ആവശ്യങ്ങൾക്കായി ഗ്രാമങ്ങളിലും നഗരങ്ങളിലും രൂപപ്പെട്ട കൂട്ടായ്മകളാണ് സഹകരണ പ്രസ്ഥാനങ്ങൾ. സംസ്ഥാനത്ത് ഇത്തവണ മൂവായിരത്തിൽപരം അപേക്ഷകളിലായി 37 കോടി രൂപയുടെ റിസ്ക് ഫണ്ട് ധനസഹായമാണ് വിതരണം ചെയ്യുന്നത്. വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ദുരിതത്തിലാകുന്ന കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന വലിയൊരു കൈത്താങ്ങാണ് ഈ പദ്ധതിയെന്നും മന്ത്രി വ്യക്തമാക്കി.സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടയ്ക്കുന്നതിന് മുമ്പ് മരണപ്പെട്ട 3,420 വായ്പക്കാരുടെ ആശ്രിതർക്കായി 37.27 കോടി രൂപയുടെ റിസ്ക് ഫണ്ട് ധനസഹായ വിതരണമാണ് ആരംഭിച്ചത്. ഉദ്ഘാടന വേദിയിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങൾക്കും 77 സൊസൈറ്റികളിലായി 236 വായ്പക്കാരുടെ ആശ്രിതർക്കും 2,85,39,397 രൂപയുടെ ധനസഹായ ചെക്കുകൾ കൈമാറി. എല്ലാ ജില്ലകളിലും അതത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ റിസ്ക് ഫണ്ട് ധനസഹായം വിതരണം ചെയ്യും.ഉദ്ഘാടന ചടങ്ങിന് സഹകരണ സംഘം രജിസ്ട്രാർ അനു എസ്. നായർ അധ്യക്ഷത വഹിച്ചു. ബോർഡ് സെക്രട്ടറി രഞ്ജു. ആർ, സഹകരണ മേഖലകളിലെ ചെയർപേഴ്സൺമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

മുതിർന്ന പൗരന്മാരുടെ സംരക്ഷണം സംസ്കാരമായി മാറണം: സംരക്ഷണത്തിനൊപ്പം സർക്കാരിന്റെ ലക്ഷ്യം സിൽവർ ഇക്കോണമിയെന്ന് മുഖ്യമന്ത്രി

ഡിപ്പാർട്ട്മെന്റ് ഓഫ് സീനിയർ സിറ്റിസണുമായി 12 സ്ഥാപനങ്ങൾ ധാരണാപത്രം ഒപ്പുവച്ചു

മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഒരു സാമൂഹിക സംസ്കാരമായി വളർത്തിയെടുക്കണമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. സർക്കാരിന് മാത്രമായി ഇത് സാധിക്കില്ല. എൻ.ജി.ഒകളും മറ്റ് ഏജൻസികളും ഇതിനായി കൈകോർക്കണം. അച്ഛനമ്മമാരെ ഉപേക്ഷിക്കുകയോ ഇറക്കിവിടുകയോ ചെയ്യുന്ന വർക്കെതിരെ പ്രോസിക്യൂഷൻ അടക്കമുള്ള കടുത്ത നിയമനടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായുള്ള ധാരണാപത്രം ഒപ്പിടൽ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡിപ്പാർട്ട്മെന്റ് ഓഫ് സീനിയർ സിറ്റിസണുമായി 12 സ്ഥാപനങ്ങളാണ് ധാരണാപത്രം ഒപ്പുവച്ചത്.

മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും എൻ.ജി.ഒകളെയും ഏകോപിപ്പിച്ച് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഓരോ പഞ്ചായത്തിലും പരിചരണം ആവശ്യമുള്ള മുതിർന്ന പൗരന്മാർ, അവരുടെ മാനസികാരോഗ്യം, രോഗബാധിതരുടെ വിവരങ്ങൾ എന്നിവ അടങ്ങിയ കൃത്യമായ ഡാറ്റ ശേഖരിക്കും. ഈ വിവരങ്ങൾ കാലാനുസൃതമായി പുതുക്കിക്കൊണ്ടിരിക്കും. കൃത്യമായ ഡാറ്റ ലഭ്യമാകുന്നതോടെ പുതിയ ക്ഷേമപദ്ധതികൾ എളുപ്പത്തിൽ ആസൂത്രണം ചെയ്യാൻ സാധിക്കും.

മുതിർന്ന പൗരന്മാർക്ക് പരിചരണം ഫലപ്രദമായി നടപ്പിലാക്കാനുള്ള 'കെയർ ഗീവേഴ്സ് കോഴ്സിനായി സിലബസ് ചിട്ടപ്പെടുത്തുകയാണ്. ജർമ്മനി, യുകെ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ സിലബസുകൾ പഠിച്ച് കേരളത്തിന്റെ സാഹചര്യത്തിന് അനുയോജ്യമായാണ് തയ്യാറാക്കുന്നത്. നഴ്സിംഗിന് തൊട്ടുതാഴെ വരുന്ന ഒരു വർഷത്തെ പ്രായോഗിക കോഴ്സായായിരിക്കും ഇത്.

സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒകൾ, സി.എസ്.ആർ ഫണ്ടുകൾ എന്നിവ ഏകോപിപ്പിച്ച് കെയർ ഗീവേഴ്സിനെ നിയമിക്കും. പ്ലസ് ടു വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒരു 'വോളന്റിയർ കോർ' രൂപീകരിക്കും. വിദ്യാർത്ഥികൾ പ്രായമായവരെ സന്ദർശിച്ച് ക്ഷേമാന്വേഷണം നടത്തുന്നത് അവരുടെ ഏകാന്തത മാറ്റാനും ജീവിതാശവർദ്ധിപ്പിക്കാനും സഹായിക്കും. പരിചരണം നൽകുന്നതിനൊപ്പം സിൽവർ ഇക്കോണമിയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. റിട്ടയർ ചെയ്ത വ്യക്തികളുടെ പരിചയസമ്പത്തും അറിവും പുതിയ സ്റ്റാർട്ടപ്പുകൾക്കും വ്യവസായങ്ങൾക്കും മെന്ററിങ്ങിനായി പ്രയോജനപ്പെടുത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

മുതിർന്ന പൗരന്മാരുടെ ക്ഷേമരംഗത്ത് അക്കാദമിക, ഗവേഷണ, സാങ്കേതിക, സ്ഥാപനതല സഹകരണത്തിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള 12 സ്ഥാപനങ്ങളുമായാണ് ഡിപ്പാർട്ട്മെന്റ് ഓഫ് സീനിയർ സിറ്റിസൺ ധാരണാപത്രം ഒപ്പുവച്ചത്. ഈ സ്ഥാപനങ്ങൾ അവയുടെ വൈദഗ്ധ്യത്തിനനുസരിച്ച് തിരഞ്ഞെടുത്ത വിഷയമേഖലകളിൽ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കും.

സജീവവും ആരോഗ്യകരവുമായ വാർധക്യം, സമൂഹാധിഷ്ഠിത പരിചരണവും സ്വതന്ത്ര ജീവിതവും, സിൽവർ ഇക്കോണമിയും കെയർ ഇക്കോണമിയും, ഗവേഷണവും വിവരാധിഷ്ഠിത നയരൂപീകരണവും, സാർവത്രിക സാമൂഹിക സുരക്ഷയും അവകാശങ്ങളും എന്നീ അഞ്ച് വിഷയമേഖലകളിലാണ് വകുപ്പിന്റെ പ്രവർത്തനം.

മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാന നയവും സംസ്ഥാന കർമപദ്ധതിയും സംബന്ധിച്ച ഏകദിന ശിൽപശാലയും ഇതേ ദിവസം നടന്നു.

ഈ സ്ഥാപനങ്ങൾക്കൊപ്പം വിവിധ സർക്കാർ വകുപ്പുകളും ശിൽപശാലയിൽ പങ്കെടുത്തു. ശിൽപശാലയ്ക്ക് ശേഷം സ്ഥാപന പ്രതിനിധികൾ സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയെ സന്ദർശിച്ച് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഡിപ്പാർട്ട്മെന്റ് ഓഫ് സീനിയർ സിറ്റിസൺ സെക്രട്ടറി ഡോ. രത്തൻ യു. ഖേൽക്കർ, ഡയറക്ടർ ഡോ. അരുൺ എസ്. നായർ എന്നിവർ കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്), ഡിമെൻഷ്യ ഇന്ത്യ അലയൻസ്, പബ്ലിക് ഹെൽത്ത് ആൻഡ് സോഷ്യൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ, ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ്, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, സ്വസ്തി ദ ഹെൽത്ത് കാറ്റലിസ്റ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ്, ഭാരത മാതാ എക്സ്റ്റൻഷൻ ഫോർ ഓർഗാനിക് റിസർച്ച് ആൻഡ് എൻവയോൺമെന്റ്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്) എന്നിവയാണ് ധാരണാപത്രം ഒപ്പുവച്ച സ്ഥാപനങ്ങൾ.

2026 മേയ് 19ന് രൂപീകരിച്ച ഡിപ്പാർട്ട്മെന്റ് ഓഫ് സീനിയർ സിറ്റിസൺ രാജ്യത്ത് ഇത്തരത്തിലുള്ള ആദ്യത്തെ വകുപ്പാണ്.

നാടൻ കലകളിൽ പരിശീലനത്തിന് സ്റ്റൈപ്പന്റ്

നാടൻ കലകളിൽ ഒരു വർഷത്തേക്ക് പരിശീലനം നേടുന്നതിന് 10 മുതൽ 17 വയസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കേരള ഫോക്‌ലോർ അക്കാദമിയിൽ നിന്ന് പ്രതിമാസം 300 രൂപ സ്റ്റൈപ്പന്റ് നൽകും. 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ) താഴെ കുടുംബ വാർഷിക വരുമാനമുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക് മാത്രമാണ് ഈ ആനുകൂല്യം. മുൻകാലങ്ങളിൽ സ്റ്റൈപ്പന്റ് ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്.www.keralafolklore.org ൽ അപേക്ഷാഫോം ലഭിക്കും. പൂരിപ്പിച്ച അപേക്ഷയും നിർദ്ദിഷ്ട രേഖകളും സഹിതം സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, പി ഒ ചിറക്കൽ, കണ്ണൂർ - 670 011 എന്ന വിലാസത്തിൽ നവംബർ 30 നകം അക്കാദമി ഓഫീസിൽ ലഭ്യമാക്കണം.

റസിഡൻഷ്യൽ അസോസിയേഷനുകൾക്ക് അഫിലിയേഷൻ

ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ റജിസ്ട്രേഡ് റസിഡൻഷ്യൽ അസോസിയേഷനുകൾക്ക് ഫോക്‌ലോർ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനായി അഫിലിയേഷൻ നൽകുന്നു. താൽപര്യമുള്ള അസോസിയേഷനുകൾ 0497-2778090, 9747504584 / സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, പി. ഒ. ചിറയ്ക്കൽ, കണ്ണൂർ വിലാസത്തിലോ ബന്ധപ്പെടുക.

ടെൻഡർ

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം 2200 സിസിയിൽ കുറയാത്ത 7 സീറ്റർ എംയുവി (ഡ്രൈവർ ഇല്ലാതെ) കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച കവറുകളിൽ ടെൻഡർ ക്ഷണിക്കുന്നു. ടെൻഡർ നവംബർ 20 ഉച്ചയ്ക്ക് 12 നകം ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, ഡയറക്ടറേറ്റ്, വികാസ് ഭവൻ, പി.എം.ജി, തിരുവനന്തപുരം വിലാസത്തിൽ സമർപ്പിക്കണം. ഫോൺ: 0471 2306040.

അഭിമുഖ പരിശീലനം

യു.പി.എസ്.സി 2026ൽ നടത്തിയ സിവിൽ സർവീസ് മെയിൻസ് പരീക്ഷ പാസായി അഭിമുഖത്തിന് യോഗ്യത നേടിയ കേരളത്തിൽ നിന്നുള്ള ഉദ്യോഗാർഥികൾക്കായി കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ അഡോപ്ഷൻ സ്കീമിൽ പ്രഗത്ഭരായ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള 'അഭിമുഖ പരിശീലനം' നൽകും. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി വേണ്ടി://സരെമെ.ീഴ ൽ രജിസ്റ്റർ ചെയ്ത് അപേക്ഷയുടെ പകർപ്പും, യു.പി.എസ്.സി മെയിൻസ് പരീക്ഷയുടെ ഹാൾ ടിക്കറ്റ്, ആവശ്യമായ രേഖകൾ സഹിതം അക്കാദമിയിൽ സമർപ്പിക്കണം. വിവരങ്ങൾക്ക്: 8281098863, 8281098861.

സംസ്ഥാനതല സാങ്കേതിക ശിൽപശാലയും ലോക നഗരാസൂത്രണ ദിനാചരണവും 11 ന്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (പ്ലാനിംഗ്) ആഭിമുഖ്യത്തിൽ സംസ്ഥാനതല സാങ്കേതിക ശിൽപശാലയും 2026-ലെ ലോക നഗരാസൂത്രണ ദിനാചരണവും നവംബർ 11 ന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടക്കും. 'മികച്ച സമൂഹങ്ങൾ കെട്ടിപ്പടുക്കുന്നത് ആസൂത്രണത്തിലൂടെയാണ്' എന്നതാണ് ഈ വർഷത്തെ പ്രമേയം.

രാവിലെ 10.30 ന് തദ്ദേശ സ്വയംഭരണ, നഗരാസൂത്രണ വകുപ്പ് മന്ത്രി കെ. എം. ഷാജി ചടങ്ങ് ഉദ്ഘാടനം ചെയ്യും. '100 സ്പേഷ്യൽ പ്ലാനിംഗ് ഐഡിയാസ് ഫോർ കേരള 2040'പുസ്തക പ്രകാശനവും വീഡിയോ പ്രകാശനം പുരസ്കാര വിതരണവും മന്ത്രി നിർവഹിക്കും. വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ അധ്യക്ഷത വഹിക്കും. വകുപ്പ് സെക്രട്ടറി എം. ജി. രാജമാണിക്യം മുഖ്യപ്രഭാഷണം നടത്തും.

ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ആശാ അജോയ് ഘോഷ് വിഷയാവതരണം നടത്തും. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ഷാനവാസ് എസ്, അമൃത് മിഷൻ ഡയറക്ടർ സൂരജ് ഷാജി, ഡയറക്ടർമാരായ അപൂർവ ത്രിപാഠി (റൂറൽ), (സുഹിയാൻ അഹമ്മദ് അർബൺ), ചീഫ് ടൗൺ പ്ലാനർ (ജനറൽ) രാജേഷ് ടി. എൻ., മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുക്കും.ശില്പശാലയുടെ ഭാഗമായി നഗര കേന്ദ്രങ്ങളുടെ പുനരുജ്ജീവനം, വിവിധ വകുപ്പുകളുടെ സംയോജിത പ്രാദേശിക ആസൂത്രണം എന്നിവയെക്കുറിച്ച് വിദഗ്ധർ പങ്കെടുക്കുന്ന സംവാദങ്ങളും, എക്സിബിഷനും ക്രമീകരിക്കും. എക്സിബിഷൻ കാണുന്നതിന് ഉച്ചയ്ക്ക് ശേഷം പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടായിരിക്കും. 14 ജില്ലകളുടെ റീൽ പ്രദർശനവും തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ സാംസ്കാരിക പരിപാടികളും അരങ്ങേറും.

ജനസ്പർശം ഫയൽ അദാലത്ത് കാര്യക്ഷമമാക്കാൻ എ.ഐ സാങ്കേതികവിദ്യയുടെ സാധ്യതകളും പ്രയോജനപ്പെടുത്തും

മുഖ്യമന്ത്രി വിളിച്ചു ചേർത്ത വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ തീരുമാനം

ജനങ്ങളുടെ പരാതികൾക്ക് വേഗത്തിലും ഫലപ്രദമായും പരിഹാരം കാണുന്നതിനുള്ള ജനസ്പർശം ഫയൽ അദാലത്ത് കാര്യക്ഷമമാക്കാൻ എ.ഐ സാങ്കേതികവിദ്യയുടെ സാധ്യതകളും പ്രയോജനപ്പെടുത്തും. മുഖ്യമന്ത്രി വി ഡി സതീശൻ വിളിച്ചു ചേർത്ത വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിലാണ് സുപ്രധാന തീരുമാനമെടുത്തത്.കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ പരമാവധി സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുന്നതിനും നിലവിലുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തി അവയുടെ നടത്തിപ്പ് കൂടുതൽ വേഗത്തിലാക്കുന്നതിനും മുഖ്യമന്ത്രി വകുപ്പുകൾക്ക് നിർദേശം നൽകി.വകുപ്പ് സെക്രട്ടറിമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഫയൽ കൈകാര്യം ചെയ്യൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഫയലുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിന്റെ ഭാഗമായി വകുപ്പ് സെക്രട്ടറിമാരുടെ യോഗം എല്ലാ മാസവും ചേരാനും തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ വേഗത്തിലാക്കാനും പുരോഗതി വിലയിരുത്താനും സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. വിവിധ വകുപ്പുകളിലെ ഫയലുകളുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടാകണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്: അംശദായം അടയ്ക്കാം

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിച്ചിട്ടും അംശദായം അടയ്ക്കാത്തവർക്കും അംശദായം അടച്ചവരിൽ ബാക്കിത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവർക്കും കുടിശ്ശിക അടച്ചുതീർക്കുന്നതിന് 2027 മാർച്ച് 31 വരെ സമയം അനുവദിച്ചു. ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റ് (www.cwb.kerla.gov.in), അക്ഷയ / ജനസേവന കേന്ദ്രം, ക്ഷേമനിധിയുടെ തിരുവനന്തപുരത്തെ ഓഫീസ്, ഗൂഗിൾ പേ സംവിധാനം (9037044087@okbizaxis) എന്നിവ വഴി തുക അടയ്ക്കാം. ഗൂഗിൾ പേ വഴി അംശദായം അടയ്ക്കുന്നവർ 9037044087 നമ്പറിലേക്ക് വാട്സാപ്പ് വഴി രജിസ്ട്രേഷൻ നമ്പറും പേരും ഉൾപ്പടെയുള്ള വിശദാംശങ്ങൾ അയക്കണം. വിവരങ്ങൾക്ക്: 0471 2720071, 2720072.

ഉറുദു സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

2025-26 അധ്യയന വർഷത്തിൽ ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയവർക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് ഹയർ സെക്കൻഡറി വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്കും ഇബ്രാഹിം സുലൈമാൻ സേട്ടു ഉറുദു സ്കോളർഷിപ്പിന് അപേക്ഷിക്കാം. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായിരിക്കണം. 1,000 രൂപയാണ് സ്കോളർഷിപ്പ്. മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർക്കുംഅപേക്ഷിക്കാം. www.mwdscholarship.kerala.gov.in മുഖേന അപേക്ഷിക്കണം. ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച് നിർദിഷ്ട രേഖകൾ അപ്ലോഡ് ചെയ്ത് പ്രിന്റൗട്ടും അനുബന്ധ രേഖകളും സഹിതം വിദ്യാർഥി പഠിച്ചിരുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കണം. അവസാന തീയതി ഡിസംബർ 10. വിവരങ്ങൾക്ക്: www.minoritywelfare.kerala.gov.in, 04712300523, 24, 2302090

താത്പര്യപത്രം ക്ഷണിച്ചു

കരിയർ ഇൻ ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ 2026-27 പദ്ധതിയുമായി സഹകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്വകാര്യ സംരംഭകർ/ സർക്കാർ ഏജൻസികൾ/ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് താത്പര്യപത്രം ക്ഷണിച്ചു. ഓട്ടോമൊബൈൽ എൻജിനിയറിങ്, കാറ്ററിങ് ടെക്നോളജി, ഹോട്ടൽ മാനേജ്മെന്റ്, മറ്റു ടെക്നിക് ഫീൽഡുകൾ തുടങ്ങിയ മേഖലകളിൽ പരിശീലനവും തൊഴിലും നൽകുന്ന പദ്ധതിയാണിത്. താത്പര്യമുള്ളവർ ബി-വിൻ പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. അവസാന തീയതി നവംബർ 25. വിവരങ്ങൾക്ക്: 0471-2727378, 2727379 (ഡയറക്ടറേറ്റ്, തിരുവനന്തപുരം), 0474-2914417 (കൊല്ലം), 0484-2429130, 2983130 (എറണാകുളം), 0492-2222335 (പാലക്കാട്), 0495-2377786, 2377796 (കോഴിക്കോട്).

പ്രിൻസിപ്പാൾ നിയമനം

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകളിലെ പ്രിൻസിപ്പാൾ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രിൻസിപ്പാൾ/ സെലക്ഷൻ ഗ്രേഡ് / സീനിയർ ഗ്രേഡ് ലക്ചറർ തസ്തികകളിൽ നിന്നും വിരമിച്ചവർക്ക് അപേക്ഷിക്കാം. അപേക്ഷയും യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പും സഹിതം നവംബർ 25 വൈകിട്ട് അഞ്ചു മണിക്കകം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695 033 വിലാസത്തിൽ ലഭ്യമാക്കണം. വിവരങ്ങൾക്ക്: 0471-2737246.

മംഗല്യ സമുന്നതി പദ്ധതിയിലേക്ക് അപേക്ഷിക്കാം

മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും 2025 നവംബർ ഒന്നിനും 2026 ഒക്ടോബർ 31നുമിടയിൽ വിവാഹിതരായ പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന 'മംഗല്യ സമുന്നതി' പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള മുൻഗണന എ.എ.വൈ, മുൻഗണന വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് അപേക്ഷിക്കാം. അപേക്ഷ നവംബർ 11 മുതൽ നവംബർ 30 വരെ സ്വീകരിക്കും. വിവരങ്ങൾക്ക്: www.kswcfc.org, 0471-2311215.



ഭിന്നശേഷിക്കാരനായ ആലപ്പുഴ ചേർത്തല സ്വദേശി പി . എം .മുകേഷിന് മുഖ്യമന്ത്രി വി.ഡി സതീശൻ മുച്ചക്രവാഹനം കൈമാറുന്നു

പെട്രോൾ പമ്പുകളിൽ എഥനോൾ അളവ് പരിശോധന; ക്രമക്കേട് കണ്ടാൽ നിയമനടപടിയെന്ന് മന്ത്രി അനൂപ് ജേക്കബ്

പെട്രോളിൽ നിശ്ചിത പരിധിയിൽ കൂടുതൽ എഥനോൾ കലർത്തി വിൽപന നടത്തുന്നുണ്ടോയെന്ന് കണ്ടെത്താൻ സംസ്ഥാനത്തുടനീളം പരിശോധന ശക്തമാക്കി സിവിൽ സപ്ലൈസ് വകുപ്പ്. തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും കണ്ണൂരിലുമായി ഒമ്പതു പമ്പിൽനിന്ന് സാമ്പിൾ ശേഖരിച്ചു. കർണാടകയിലെ ചില പമ്പിൽ അളവിൽ കൂടുതൽ എഥനോൾ കലർത്തിയ ഇന്ധനം വിൽപന നടത്തിയതായി കണ്ടെത്തിയതിനു പിന്നാലെയാണ് കേരളത്തിലും സർക്കാർ പരിശോധനയ്ക്ക് ഉത്തരവിട്ടത്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഇന്ധനം ഉറപ്പാക്കാനും ഇന്ധനത്തിലെ മായംചേർക്കലും മറ്റ് ക്രമക്കേടുകളും തടയാനുമാണു നടപടിയെന്ന് ഭക്ഷ്യ-ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു. പരിശോധനയിൽ അളവിൽ കൂടുതൽ കണ്ടെത്തിയാൽ നിയമനടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

എറണാകുളത്ത് മൂന്നും തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ രണ്ടു വീതവും പമ്പുകളിലാണു പരിശോധന നടന്നത്. പരിശോധന വൈകിട്ടു ആറുമണിവരെ തുടർന്നു. പമ്പിലെ സെയിൽസ് മാനേജറുടെ സാന്നിധ്യത്തിൽ നിയമപ്രകാരമുള്ള നടപടി പൂർത്തിയാക്കി ആറു സാമ്പിളുകൾ ശേഖരിച്ചു. തുടർന്ന് സാമ്പിൾ ശേഖരണവുമായി ബന്ധപ്പെട്ട മഹസർ നടപടികളും പൂർത്തിയാക്കി. ഇന്ധന കമ്പനി പ്രതിനിധിയുടെ സാന്നിധ്യത്തിലായിരുന്നു പരിശോധന.

ഒരോ പമ്പിൽനിന്നും ഒരു ലിറ്റർ വീതമുള്ള ആറു കാനുകളിലാണു സീൽ ചെയ്ത് സാമ്പിൾ ശേഖരിച്ചത്. ഇതിൽ രണ്ടു കാനുകൾ റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ നിശ്ചിത ഗുണനിലവാര പരിശോധനക്കായി നൽകും. രണ്ടു കാനുകൾ സിവിൽ സപ്ലൈസ് ഓഫീസിൽ സൂക്ഷിക്കും. രണ്ടെണ്ണം സുരക്ഷിത കസ്റ്റഡിയിൽ സൂക്ഷിക്കാനായി പമ്പിന്റെ ലൈസൻസിയെ ഏൽപ്പിച്ചു.

എഥനോളിന്റെ അളവ് നിശ്ചിത പരിധിക്കുള്ളിലാണോ, ഇന്ധനം ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളാണു പ്രധാനമായും പരിശോധിക്കുന്നത്. പത്തുദിവസത്തിനകം ഫലം ലഭിക്കുമെന്നാണു പ്രതീക്ഷിക്കുന്നത്.

കേരളത്തിൽ നിലവിൽ പെട്രോളിൽ അനുവദനീയമായതിലധികം എഥനോൾ കലർത്തിയതായി സ്ഥിരീകരിച്ചിട്ടില്ല. എങ്കിലും കർണാടകയിൽ കണ്ടെത്തിയ ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ മുൻകരുതൽ നടപടിയെന്ന നിലയിലാണു പരിശോധന നടത്തുന്നതെന്നു മന്ത്രി അറിയിച്ചു.

2005 ലെ മോട്ടോർ സ്പിരിറ്റ് ആൻഡ് ഹൈസ്പീഡ് ഡീസൽ (റെഗുലേഷൻ ഓഫ് സപ്ലൈ, ഡിസ്ട്രിബ്യൂഷൻ ആൻഡ് പ്രിവൻഷൻ ഓഫ് മാൽപ്രാക്ടീസസ്) നിയമം എട്ടാം വകുപ്പിലെയും 2024 മേയ് മൂന്നിന് നിലവിൽവന്ന ഭേദഗതിയിലെയും വ്യവസ്ഥകൾ അനുസരിച്ചാണ് സാമ്പിൾ ശേഖരണം നടത്തിയത്.

പരിശോധനാ നടപടികളിൽ ഓയിൽ കമ്പനികളുടെ പ്രതിനിധികളുടെ സാന്നിധ്യവും ഉറപ്പാക്കിയിരുന്നു. സാമ്പിൾ ശേഖരണത്തിനായി പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ അംഗീകരിച്ച പ്രത്യേക കുപ്പികളാണ് എത്തിച്ചത്. സാമ്പിളുകളുടെ ഗുണനിലവാരത്തിൽ മാറ്റം വരാതെയും പരിശോധനാഫലത്തിന്റെ വിശ്വാസ്യത ഉറപ്പാക്കിയും ശേഖരണവും കൈമാറ്റവും നടത്തുന്നതിനാണു പ്രത്യേക ക്രമീകരണം.

സാമ്പിളുകൾ നിശ്ചിത നടപടിക്രമങ്ങൾ പൂർത്തിയാക്കി അംഗീകൃത ലബോറട്ടറിയിലേക്ക് അയയ്ക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. ആദ്യഘട്ടത്തിൽ നിശ്ചയിച്ച പമ്പുകളിൽ മാത്രമല്ല, ക്രമക്കേട് കണ്ടെത്തിയാൽ, വിവിധ ജില്ലകളിലെ പെട്രോൾ പമ്പുകളിൽ പരിശോധന നടത്താനാണ് സിവിൽ സപ്ലൈസ് വകുപ്പിന്റെ തീരുമാനം.

എറണാകുളത്ത് ചെമ്പുമുക്കിലും ഇരുമ്പനത്തുമുള്ള രണ്ടു പമ്പുകളിലും തിരുവനന്തപുരത്ത് വഴയിലയിലും കവടിയാറിലുമുള്ള പമ്പുകളിലുമായിരുന്നു പരിശോധന. കോഴിക്കോട് എൻജിഒ ക്വാർട്ടേഴ്സിനും സരോവരം പാർക്കിനും സമീപമുള്ള രണ്ടു പമ്പുകളിലുമാണു പരിശോധന നടത്തിയത്. കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ കണ്ണോത്തുംചാലിലും വാരത്തുമുള്ള രണ്ടു പമ്പുകളിൽ പരിശോധന നടന്നു.

വാട്ടർ സപ്ലൈ : കർശന നിർദേശവുമായി ഭൂജല വകുപ്പ്

കുടിവെള്ള ആവശ്യങ്ങൾക്കായി സ്വകാര്യ ടാങ്കർ ലോറികൾ മുഖേന ബൾക്ക് വാട്ടർ സപ്ലൈ നടത്തുന്നതിനായി കിണറുകളിൽ നിന്നും ഭൂജലം ശേഖരിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻഒസി നിർബന്ധമായും നേടിയിരിക്കണമെന്ന് ഭൂജല വകുപ്പ് ജില്ലാ ഓഫീസർ അറിയിച്ചു. പുതിയ എൻഒസി യ്ക്ക് 10,000 രൂപയും പുതുക്കുന്നതിന് 5,000 രൂപയുമാണ് ഫീസ്. എൻഒസിയുടെ കാലാവധി മൂന്ന് വർഷമാണ്. ഭൂജല ശേഖരണത്തിന്റെ അളവ് നിർണയിക്കുന്നതിന് ടെലിമെട്രി സംവിധാനത്തോടുകൂടിയ ഡിജിറ്റൽ ഫ്ലോ മീറ്റർ സ്ഥാപിക്കുകയും പ്രതിദിന ശേഖരണത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുകയും നിശ്ചിത ഭൂജല ശേഖരണ ചാർജ് അടയ്ക്കുകയും വേണം. കൂടാതെ, മഴവെള്ള സംഭരണവും കൃത്രിമ ഭൂജല സംപോഷണ സംവിധാനങ്ങളും ഏർപ്പെടുത്തുകയും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും വേണം.

വ്യാവസായിക ആവശ്യങ്ങൾക്കും നിർമാണ പ്രവർത്തനങ്ങൾക്കും ബൾക്ക് വാട്ടർ സപ്ലൈക്ക് അനുമതി അനുവദിക്കുന്നതല്ല. എൻഒസി ഇല്ലാതെയോ അനുമതി വ്യവസ്ഥകൾ ലംഘിച്ചോ ഭൂജലം ശേഖരിക്കുന്നവർക്ക് 50,000 മുതൽ 5,00,000 വരെ പിഴയും അതോടൊപ്പം നിയമനടപടികളും നേരിടേണ്ടിവരും. ടാങ്കർ ലോറികൾ മുഖേന ജലവിതരണം നടത്തുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും ആവശ്യമായ രേഖകൾ സഹിതം ജില്ലാ ഭൂജല വകുപ്പ് ഓഫീസുമായി ബന്ധപ്പെട്ട് നിയമാനുസൃത അനുമതി നേടേണ്ടതാണ്.

മൊബൈൽ ഫോൺ മോഷ്ടാവ് പിടിയിൽ

പേരൂർക്കട: സംശയകരമായ സാഹചര്യത്തിൽ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ കണ്ടെത്തിയ യുവാവിനെ മൊബൈൽ ഫോണുമായി റെയിൽവേ പൊലിസ് പിടികൂടി. കൊല്ലം പത്തനാപുരം ചന്ദനപ്പള്ളി തടത്തരികത്ത് വീട്ടിൽ ജ്യോതിഷ് കുമാർ (28) ആണ് സംഭവമായി ബന്ധപ്പെട്ടു പിടിയിലായത്.

പൊലിസ് സംഘമെത്തിയപ്പോൾ സ്ഥലത്തുനിന്നു രക്ഷപ്പെടാൻ ശ്രമിച്ച ജ്യോതിഷ് കുമാറിനെ തടഞ്ഞുനിർത്തി ചോദ്യം ചെയ്തപ്പോഴാണ് മോഷണവസ്തു കണ്ടെടുത്തത്. ഫോൺ അൺലോക്ക് ചെയ്യാൻ റെയിൽവേ പൊലിസ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടപ്പോൾ പാസ് കോഡ് അറിയില്ലെന്നായിരുന്നു മറുപടി. ഒക്ടോബർ നാലിനും ആറിനും ഇടയിലാണ് പ്രതി മൊബൈൽ ഫോൺ മോഷ്ടിച്ചത് എന്നാണ് കരുതുന്നത്. അറസ്റ്റിലായ പ്രതിയെ കോടതിയിൽ ഹാജരാക്കി.

അമ്മയെയും കുഞ്ഞിനെയും കടലിലെറിഞ്ഞ് കൊന്ന കേസ്: സാക്ഷി എത്തിയത് കനത്ത കാവലിൽ

തിരുവനന്തപുരം: അമ്മയെയും രണ്ടര വയസുള്ള മകളെയും കടലിലെറിഞ്ഞ് കൊലപ്പെടുത്തിയ കേസിൽ നിർണായക സാക്ഷി കോടതിയിലെത്തിയത് കനത്ത പൊലിസ് സുരക്ഷയിൽ. പ്രതികളിൽനിന്ന് ഭീഷണിയുണ്ടെന്ന പരാതിയെ തുടർന്നാണ് തിരുവനന്തപുരം റൂറൽ എസ്പിയുടെ നിർദേശ പ്രകാരം സാക്ഷിക്ക് പ്രത്യേക സുരക്ഷ ഏർപ്പെടുത്തിയത്. ഏഴാം അഡീഷണൽ സെഷൻസ് ജഡ്ജി അനീറ്റ ജോസഫാണ് കേസ് പരിഗണിക്കുന്നത്.

പൂവാർ മണ്ണാംവിളാകം മാഹീൻ മൻസിലിൽ മാഹീൻ കണ്ണും ഭാര്യ റുക്കിയയുമാണ് കേസിലെ പ്രതികൾ. മലയിൻകീഴ് മാറനല്ലൂർ വെള്ളൂർക്കോണം അംബികാ വിലാസത്തിൽ ദിവ്യ (23), മകൾ ഗൗരി എന്നിവരെ തമിഴ്നാട്ടിലെ വിളവൻകോട് ആളില്ലാത്തുറ കടലിൽ എറിഞ്ഞ് കൊലപ്പെടുത്തിയെന്നാണ് കേസ്. ആദ്യഭാര്യ റുക്കിയയുടെ പ്രേരണയാൽ രണ്ടാം ഭാര്യയായ ദിവ്യയെയും കുഞ്ഞിനെയും ഒഴിവാക്കാനാണ് കൊലപാതകം ആസൂത്രണം ചെയ്തതെന്നാണ് പൊലിസ് കണ്ടെത്തൽ. 2011 ഓഗസ്റ്റ് 18നായിരുന്നു നാടിനെ നടുക്കിയ സംഭവം. കൃത്യത്തിനുശേഷം ഒളിവിൽപ്പോയ ഒന്നാം പ്രതിയെ ഒൻപത് വർഷങ്ങൾക്കുശേഷമാണ് ക്രൈംബ്രാഞ്ച് പിടികൂടിയത്.

മെഡൽ ജേതാക്കൾക്ക് മന്ത്രി ഒ ജെ ജനീഷ് അവാർഡുകൾ വിതരണം ചെയ്യും

2019-20 സാമ്പത്തിക വർഷത്തിൽ ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടിയ കായിക താരങ്ങൾക്ക് നവംബർ 12 രാവിലെ 11ന് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ കായിക വകുപ്പ് മന്ത്രി ഒ ജെ ജനീഷ് ക്യാഷ് അവാർഡുകൾ വിതരണം ചെയ്യും. താരങ്ങൾക്ക് അനുമോദനവും സംഘടിപ്പിച്ചിട്ടുണ്ട്. ഗതാഗതവകുപ്പ് മന്ത്രി സി പി ജോൺ അധ്യക്ഷത വഹിക്കും. കായിക യുവജനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത് എൻ, സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി അഖിൽ വി മേനോൻ, മറ്റ് പ്രമുഖ കായികതാരങ്ങൾ എന്നിവർ പങ്കെടുക്കും.

കുമാരപുരത്ത് കുടിവെള്ള പൈപ്പിലെ ചോർച്ച പരിഹരിച്ചു

ഉള്ളൂർ: കുമാരപുരം ജംഗ്ഷനു സമീപം പൊട്ടിയ കുടിവെള്ള പൈപ്പിൻറെ ചോർച്ച വാട്ടർ അതോറിറ്റി അടിയന്തരമായി പരിഹരിച്ചു. ഇന്നലെ രാവിലെ തുടങ്ങിയ പണി ഉച്ചയോടെ പൂർത്തീകരിക്കുകയായിരുന്നു. അരുവിക്കര ടാങ്കിൽനിന്നു കുമാരപുരം ഭാഗത്തേക്കു ശുദ്ധജലം എത്തിക്കുന്ന എസി പൈപ്പിലായിരുന്നു ചോർച്ച കണ്ടെത്തിയത്. പൈപ്പിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണി ആരംഭിച്ചതു മൂലം ബർമാ റോഡ്, അവിട്ടം റോഡ്, കുമാരപുരം തുടങ്ങിയ സ്ഥലങ്ങളിൽ ജലവിതരണം തടസപ്പെട്ടു. ശുദ്ധജലം ആവശ്യമായ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി ടാങ്കർ ലോറികളിൽ ജലം എത്തിക്കുകയായിരുന്നു. എസി പൈപ്പ് കടന്നുപോകുന്ന ഇതേ ഭാഗത്ത് ഒരു ഹൗസ് കണക്ഷൻ നിലവിലുണ്ടെന്നും ഈ ഭാഗത്തുള്ള ചോർച്ച സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും പാളയം സെക്ഷൻ എഇ വ്യക്തമാക്കി. അറ്റകുറ്റപ്പണി പൂർത്തീകരിച്ച് വാൽവ് തുറന്നതോടെ ഉയർന്ന പ്രദേശങ്ങളിൽ ഉൾപ്പെടെ ജലവിതരണം സാധാരണ നിലയിലായിട്ടുണ്ട്.

ഹോമിയോ ക്ലാസുകൾ ഡിസംബർ 14 മുതൽ

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ അഫിലിയേറ്റഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളജുകളിൽ ഒന്നാം വർഷ എം.ഡി. (ഹോമിയോ) ക്ലാസുകൾ ഡിസംബർ 14ന് ആരംഭിക്കും.

അഭിരാം കൊലക്കേസ്: രണ്ടും മൂന്നും പ്രതികളെ കസ്റ്റഡിയിൽ വാങ്ങി

ശ്രീകാര്യം: അഭിരാം കൊലക്കേസിൽ രണ്ടും മൂന്നും പ്രതികളെ പോലീസ് കസ്റ്റഡിയിൽ വാങ്ങി. രണ്ടാം പ്രതി ഉമർ മുഫ്താൻ, മൂന്നാം പ്രതി അനന്ത എന്നിവരെയാണ് അന്വേഷണം സംഘം കസ്റ്റഡിയിൽ വാങ്ങിയത്. രണ്ടു ദിവസം കസ്റ്റഡിയിൽ വയ്ക്കുവാനുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്. ഈ ദിവസങ്ങളിൽ പ്രതികളെ ചോദ്യം ചെയ്ത് തെളിവുകൾ ശേഖരിക്കും.

അഭിരാമിൻറെയും ഒന്നാം പ്രതി 17 കാരൻറെയും മൊബൈൽ ഫോൺ വലിച്ചെറിഞ്ഞ സ്ഥലവും കണ്ടെത്തിയേക്കും. കേസിലെ സുപ്രധാന തെളിവായ മൊബൈൽ ഫോണുകൾ, കൃത്യത്തിന് ഉപയോഗിച്ച ബെൽറ്റ്, കൊല്ലപ്പെട്ട അഭിരാമിന്റെ വസ്ത്രങ്ങൾ എന്നിവ കണ്ടെത്തുന്നതിനും ഗൂഢാലോചന സംബന്ധിച്ച കൂടുതൽ അന്വേഷണങ്ങൾക്കുമായാണ് പ്രതികളെ കസ്റ്റഡിയിൽ ആവശ്യപ്പെട്ടതെന്ന് പോലീസ് കോടതിയെ അറിയിച്ചു. കൊലപാതകം നടന്ന ഭാഗങ്ങളിലുള്ള പുരയിടങ്ങൾ പോലീസ് ഉടൻ വൃത്തിയാക്കി പരിശോധന നടത്താനും തീരുമാനമുണ്ട്.

തിരുവണ്ണാമലൈയിൽ തടാകത്തിൽ കുളിക്കാനിറങ്ങിയ അഞ്ച് പേർ മുങ്ങിമരിച്ചു

ചെന്നൈ: തമിഴ്നാട്ടിലെ തിരുവണ്ണാമലൈയിൽ തടാകത്തിൽ കുളിക്കാനിറങ്ങിയ അഞ്ചുപേർ മുങ്ങിമരിച്ചു. നാല് വിദ്യാർഥികളും ഒരു വനിതാ വാർഡനുമാണ് മുങ്ങിമരിച്ചത്.

തിരുവണ്ണാമലൈയ്ക്ക് സമീപമുള്ള പെൺകുട്ടികളുടെ സർക്കാർ സംരക്ഷണ കേന്ദ്രത്തിലെ വിദ്യാർഥിനികളും വാർഡനുമാണ് മുങ്ങിമരിച്ചത്. ഈ കേന്ദ്രത്തിൽ താമസിച്ച് പഠിക്കുകയായിരുന്ന വിജയലക്ഷ്മി, അല്ലി, ഭൂമിക, വള്ളിയമ്മാൾ എന്നീ നാല് വിദ്യാർഥിനികളാണ് അപകടത്തിൽപ്പെട്ടത്.ദീപാവലി പ്രമാണിച്ച് വിദ്യാർഥിനികൾക്ക് അവധി നൽകിയിരുന്ന സമയത്താണ് അപകടമുണ്ടായത്. നാല് വിദ്യാർഥിനികളും സംരക്ഷണ കേന്ദ്രത്തിലെ വനിതാ വാർഡനായ തേന്മൊഴിയോടൊപ്പം കുളിക്കാനായി സമുത്തിരം തടാകത്തിലേക്ക് പോയതായിരുന്നു. എന്നാൽ, കുളിക്കുന്നതിനിടെ വിദ്യാർഥിനികൾ അബദ്ധത്തിൽ തടാകത്തിൽ മുങ്ങിപ്പോവുകയായിരുന്നു.

കുട്ടികളെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് വാർഡൻ തേന്മൊഴിയും മുങ്ങിമരിച്ചത്. അഞ്ച് പേരുടെയും മൃതദേഹങ്ങൾ തടാകത്തിൽ നിന്ന് കണ്ടെടുത്തു.

നെയ്യാറ്റിൻകര നഗരസഭ ശിശുദിനാഘോഷം നടത്തി

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര നഗരസഭയുടെ ശിശുദിനാഘോഷങ്ങളുടെ ഭാഗമായ കലാമത്സരങ്ങൾ ആരംഭിച്ചു. ഗവ. ജെബിഎസിൽ കവി സുമേഷ് കൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. നഗരസഭാ ചെയർപേഴ്സൺ ഡബ്ല്യു. ആർ. ഹീബ അധ്യക്ഷയായി. വൈസ് ചെയർമാൻ കെ. കെ. ഷിബു, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ എം. അലി ഫാത്തിമ, ആർ. വി. വിജയബോസ്, മഞ്ജു രാജേഷ്, വി. എസ്. സജീവ്കുമാർ, എസ്. വസുമതി, കൗൺസിലർമാരായ സുപ്രിയാ മഹേഷ്, അഡ്വ. എസ്. ജെ. പ്രബിൻ എന്നിവർ പ്രസംഗിച്ചു.

ശ്രീചിത്തിരതിരുനാളിന്റെ 114-ാമത് ജയന്തി ആചരിച്ചു

പേരൂർക്കട: തിരുവിതാംകൂർ രാജകുടുംബത്തിലെ അവസാന രാജാവായ ചിത്തിര തിരുനാളിൻറെ 114-മത് ജയന്തി ആഘോഷങ്ങൾ മന്ത്രി സി. പി. ജോൺ ഉദ്ഘാടനം ചെയ്തു. രാജാവ് അന്ത്യവിശ്രമം കൊള്ളുന്ന പഞ്ചവടിയിൽ ഭക്തിനിർഭരമായ ചടങ്ങുകളോടെ ചിത്തിര തിരുനാൾ സ്മാരക സമിതിയുടെ നേതൃത്വത്തിലായിരുന്നു ആചരണം.

രാജകുടുംബാംഗങ്ങളായ പൂയം തിരുനാൾ ഗൗരി പാർവതിഭായി, അശ്വതി തിരുനാൾ ഗൗരിലക്ഷ്മി ഭായി, അവിട്ടം തിരുനാൾ ആദിത്യവർമ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സ്മാരക സമിതി മുൻപ്രസിഡൻറ് പാലോട് രവി, മുൻ സ്പീക്കർ എം. വിജയകുമാർ, ശാസ്തമംഗലം മോഹൻ, ചെമ്പഴന്തി അനിൽ, ശംഭു പാൽക്കുളങ്ങര തുടങ്ങിയവരും പങ്കെടുത്തു. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികൾ, അശ്വാരൂഢ പൊലിസ്, എൻസിസി, സ്കൗട്ട്സ് ആൻഡ് ഗൈഡ് എന്നിവർ ഉൾപ്പെട്ട സംഘത്തിനൊപ്പം സംഗീത വിദ്യാർഥിനികളുടെ ഭക്തിഗാനാലാപനവും ഉണ്ടായിരുന്നു.

അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ ഒഴിവ്

കേരള സർക്കാരിന് കീഴിലുള്ള സിമെറ്റ് നഴ്സിംഗ് കോളേജിന്റെ ധർമ്മടം, തളിപ്പറമ്പ്, ഉദുമ കേന്ദ്രങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ബിരുദവും മൂന്നുവർഷത്തെ അധ്യാപന പരിചയവുമാണ് അസിസ്റ്റന്റ് പ്രൊഫസറുടെ യോഗ്യത. ബിരുദമാണ് ലക്ചററുടെ യോഗ്യത. കണ്ണൂർ, കാസർഗോഡ് നിവാസികൾക്ക് ജില്ലകളിൽ നിന്നുള്ളവർക്ക് മുൻഗണന. അപേക്ഷാ ഫോമിനും ഫീസും ഒടുക്കുന്നതിനും www.simet.in വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം: ഡയറക്ടർ, സിമെറ്റ് പാറ്റൂർ, വഞ്ചിയൂർ, തിരുവനന്തപുരം - 695035. അപേക്ഷകൾ നവംബർ 18 വൈകിട്ട് 5ന് മുൻപായി ലഭ്യമാക്കുക. കൂടുതൽ വിവരങ്ങൾക്ക് - 0471 2302400, 9446028080.

ജൂനിയർ മെന്റർമാരുടെ ഒഴിവ്: അപേക്ഷ ക്ഷണിച്ചു

തൃശൂർ ചാലക്കുടി റീജണൽ സയൻസ് സെന്ററിലെ ഇന്നൊവേഷൻ ഹബ്ബിൽ ജൂനിയർ മെന്റർമാരുടെ രണ്ട് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. അപേക്ഷഫോം www.kstmuseum.com ൽ ലഭിക്കും. അവസാന തീയതി നവംബർ 11. ഫോൺ: 0471 2306024, 2306025.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



പ്രൊഫ ഡോ ബി മധുസൂദന കുറുപ്പ് അനുസ്മരണ സമ്മേളനത്തിൽ മുൻ മന്ത്രി കെ ബാബു സംസാരിക്കുന്നു. ഡോ മായ രാമൻ, ശ്രീ ദീപക് ജോയ് എം എൽ എ, ഡോ എ ബിജുകുമാർ, മുൻ മന്ത്രി ശ്രീ എസ് ശർമ, മുൻ കുഫോസ് രജിസ്ട്രാർ ഡോ വിക്ടർ ജോർജ് എന്നിവർ വേദിയിൽ

സ്ഥാപക വൈസ് ചാൻസലർ ഡോ. ബി. മധുസൂദനക്കുറുപ്പിനെ അനുസ്മരിച്ച് കുഫോസ്; വേമ്പനാട് കായൽ സംരക്ഷണത്തിന് മൂന്ന് നിർദേശങ്ങൾ

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയുടെ (കുഫോസ്) സ്ഥാപക വൈസ് ചാൻസലർ പ്രൊഫ. ഡോ. ബി. മധുസൂദനക്കുറുപ്പിന്റെ സ്മരണയ്ക്കായി കുഫോസിൽ അനുസ്മരണ യോഗം സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഡോ. എ. ബിജു കുമാർ വേമ്പനാട് കായൽ സംരക്ഷണത്തിനായി ചിൽക്ക ഡെവലപ്മെന്റ് അതോറിറ്റിയുടെ മാതൃകയിൽ അതോറിറ്റി രൂപീകരിക്കുക, കൊച്ചി-മുസിരിസ് ബിനാലെയുടെ ഭാഗമായി വേമ്പനാട് കായൽ ഫെസ്റ്റിവൽ സംഘടിപ്പിക്കുക, കുഫോസിൽ പ്രൊഫ. ബി. മധുസൂദനക്കുറുപ്പ് ചെയർ ഫോർ അക്വാട്ടിക് ഇക്കോസിസ്റ്റം സ്റ്റഡീസ് സ്ഥാപിക്കുക എന്നീ മൂന്ന് നിർദേശങ്ങൾ മുന്നോട്ടുവച്ചു.

എം.എൽ.എ. ശ്രീ ദീപക് ജോയ്, മുൻ മന്ത്രിമാരായ ശ്രീ കെ. ബാബു, ശ്രീ എസ്. ശർമ്മ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

അദ്ദേഹത്തിന്റെ പൂർവവിദ്യാർഥികളും നിലവിൽ കുഫോസ് അധ്യാപകരുമായവർ ഏർപ്പെടുത്തിയ പ്രൊഫ. ബി. മധുസൂദനക്കുറുപ്പ് മെമ്മോറിയൽ എൻഡോവ്മെന്റ് പുരസ്കാരങ്ങളും ചടങ്ങിൽ സമ്മാനിച്ചു. ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്ന് ഡോ. വി.കെ. അനൂപും ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസിൽനിന്ന് ഡോ. രവി ബരയ്യയും മികച്ച ഗവേഷണപ്രബന്ധങ്ങൾക്കുള്ള പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. ശുദ്ധജല മത്സ്യങ്ങളുടെ വൈവിധ്യത്തിലും വർഗീകരണത്തിലും ഗവേഷണം നടത്തിയ ഡോ. അനൂപ് നിലവിൽ ജപ്പാനിൽ ഗവേഷണം നടത്തുന്നു. സമുദ്ര ജൈവസമൂഹ സംയുക്തങ്ങളിലും മത്സ്യവിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിലും ഗവേഷണം നടത്തുന്ന ഡോ. രവി ബരയ്യ ഗുജറാത്തിലെ കംധേനു സർവകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.



ഓൾഡ് ഡോമിനിയൻ സർവകലാശാല പ്രതിനിധി കൊച്ചി സന്ദർശന വേളയിൽ കൊച്ചിൻ മേയർ അഡ്വ. വി കെ മിനിമോളെ സന്ദർശിച്ചപ്പോൾ. കുഫോസ് രജിസ്ട്രാർ ഡോ കെ ദിനേശ് സമീപം.

അമേരിക്കയിലെ ഓൾഡ് ഡൊമിനിയൻ സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവെച്ച് കുഫോസ്

അന്താരാഷ്ട്ര അക്കാദമിക സഹകരണം, ഗവേഷണ പങ്കാളിത്തം, വിജ്ഞാന കൈമാറ്റം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സമുദ്രപഠന സർവകലാശാലയും (കുഫോസ്) അമേരിക്കയിലെ വിർജീനിയയിലെ നോർഫോക്കിലുള്ള ഓൾഡ് ഡൊമിനിയൻ സർവകലാശാലയും (ഒ ഡി യു) ധാരണാപത്രം ഒപ്പുവെച്ചു.

സംയുക്ത ഗവേഷണ പ്രവർത്തനങ്ങൾ, അക്കാദമിക പഠനസാമഗ്രികളുടെയും പ്രസിദ്ധീകരണങ്ങളുടെയും കൈമാറ്റം, ഗവേഷണത്തിനും പ്രഭാഷണങ്ങൾക്കുമായി അധ്യാപകരുടെ പരസ്പര സന്ദർശനം, പഠനത്തിനും ഗവേഷണത്തിനുമായി വിദ്യാർഥികളുടെ കൈമാറ്റം തുടങ്ങിയവയിലൂടെ ഇരു സർവകലാശാലകളും തമ്മിലുള്ള അക്കാദമിക-ഗവേഷണ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയാണ് ധാരണാപത്രത്തിന്റെ ലക്ഷ്യം. കൊളാബറേറ്റീവ് ഓൺലൈൻ ഇന്റർനാഷണൽ ലേണിങ് (സി ഒ ഐ എൽ) പദ്ധതികൾ, ഓൺലൈൻ അതിഥി പ്രഭാഷണങ്ങൾ, അന്താരാഷ്ട്ര അക്കാദമിക സമ്മേളനങ്ങൾ എന്നിവയിലൂടെയുള്ള സഹകരണത്തിനും ധാരണാപത്രം വഴിയൊരുക്കും.

സമുദ്രസാനിധ്യവും ജല പ്രദേശങ്ങളും ജലഗതാഗത മാർഗങ്ങളുമുള്ള അമേരിക്കയിലെ വിർജീനിയയിലുള്ള നോർഫോക് നഗരം ഭൂമിശാസ്ത്രപരമായി കൊച്ചിയുമായി ഏറെ സാദൃശ്യങ്ങൾ പുലർത്തുന്നുണ്ട്. 2010ൽ ഇരു നഗരങ്ങളിലെയും മേയർമാർ ചേർന്ന് ഒപ്പിട്ട ഉടമ്പടി പ്രകാരം നോർഫോക്കിന്റെ എട്ടാമത്തെ സഹോദരീ നഗരം കൂടിയാണ് കൊച്ചി. കൊച്ചിയിലെ കുഫോസും നോർഫോക്കിലെ ഓൾഡ് ഡൊമിനിയൻ സർവകലാശാലയും (ഒ ഡി യു) ചേർന്ന് ഒപ്പിട്ട വിജ്ഞാന കൈമാറ്റ ധാരണാപത്രം ഈ ബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി ഒ ഡി യു പ്രതിനിധി ഡോ. സന്ദീപ് കുമാർ ജൂലൈയിൽ കേരള ഫിഷറീസ് സർവകലാശാല സന്ദർശിച്ചിരുന്നു.

അന്താരാഷ്ട്ര അക്കാദമിക പങ്കാളിത്തം വിപുലീകരിക്കുന്നതിനും ആഗോള ഗവേഷണരംഗത്തെ സഹകരണം, വിജ്ഞാന കൈമാറ്റം, അക്കാദമിക ചലനാത്മകത എന്നിവയ്ക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള കുഫോസിന്റെ പ്രവർത്തനങ്ങളിൽ സുപ്രധാനമായൊരു ചുവടുവെപ്പ് കൂടിയാണ് ഈ ധാരണാപത്രം.

കാലിത്തീറ്റ വില നിയന്ത്രിക്കും: മന്ത്രി ബിന്ദുകൃഷ്ണ

വെള്ളറട: കാലിത്തീറ്റ വില നിയന്ത്രിക്കാൻ സർക്കാർ ഇടപെടുമെന്നും ചെലവു കുറഞ്ഞ തീറ്റപ്പുല്ല് കൃഷി വ്യാപകമാക്കാൻ സബ്സിഡി അനുവദിക്കുമെന്നും മന്ത്രി ബിന്ദുകൃഷ്ണ അറിയിച്ചു. യുവജനങ്ങളെ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ സബ്സിഡിയോടുകൂടി പുതിയ പദ്ധതി ആരംഭിക്കാൻ ക്ഷീര വികസന വകുപ്പ് നടപ്പടി ആരംഭിച്ചതായും മന്ത്രി വ്യക്തമാക്കി. അരുവിപ്പുറം കേന്ദ്രമായി പുതുതായി പ്രവർത്തന അനുമതി ലഭിച്ച അരുവിപ്പുറം ഗുരുദേവ ക്ഷീരോത്പാദക സഹകരണ സംഘത്തിൻറെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി ബിന്ദു കൃഷ്ണ. സി. കെ ഹരീന്ദ്രൻ എം. എൽ. എ അധ്യക്ഷനായിരുന്നു. അരുവിപ്പുറം മഠം സെക്രട്ടറി സാന്ദ്രാനന്ദ സ്വാമികൾ അനുഗ്രഹ പ്രഭാഷണം നടത്തി. ഡോ. വത്സലൻ, മാരായമുട്ടം എം. എസ്. അനിൽ, അഡ്വ. ജോൺ പാറശാല, ഡെപ്യൂട്ടി ഡയറക്ടർ ബിന്ദു, ക്ഷീര വികസന വകുപ്പ് പെരുകടവിള ഓഫിസർ മേരി സുധ, പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബിനിൽ മണലുവിള, അംഗങ്ങളായ അശ്വതി ശ്രീകുമാർ, അഖിൽ തൃപ്പലവൂർ, ഷീബ മധു, ക്ഷീര സംഘം പ്രസിഡൻറുമാരായ കള്ളിക്കാട് ഭുവനചന്ദ്രൻ, ജോസ് ഫ്രാങ്ക്ളിൻ, കോട്ടയ്ക്കൽ സന്തോഷ്, വടകര ജയൻ, മണ്ണൂർ ശ്രീകുമാർ, കാക്കണം മധു, കുന്നത്തുകാൽ ഹരി, ക്ഷീര സംഘം ഭരണസമിതി അംഗങ്ങളായ രാജീവ് അരുവിപ്പുറം, ജോണി മാലകുളങ്ങര, സിന്ധു അരുവിപ്പുറം, സംഘം സെക്രട്ടറി അർച്ചന കൃഷ്ണകുമാർ തുടങ്ങിയവർ സംസാരിച്ചു. ക്ഷീര സംഘം പ്രസിഡൻറ് എം. എസ് പാർവതി സ്വാഗതവും ഡയറക്ടർ അരുവിപ്പുറം സുജിത്ത് നന്ദിയും പറഞ്ഞു.

അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ചു വാട്ടർ അഥോറിറ്റി

പേരൂർക്കട: അനധികൃത കൈ യേറ്റങ്ങൾ വ്യാപിക്കുന്നുവെ ന്ന പരാതികളെ തുടർന്നു കേരള വാട്ടർ അഥോറിറ്റി അനധികൃത കൈയേങ്ങൾ ഒഴിപ്പിക്കുന്ന നടപടികൾ തുടങ്ങി.

അരുവിക്കര എൻജിനിയറിംഗ് സെക്ഷൻറെ മേൽനോട്ടത്തിലാണ് കഴിഞ്ഞദിവസം അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമായത്. വഴയില ജംഗ്ഷൻ മുതലാണ് അനധികൃത കൈകേറ്റങ്ങൾ നീക്കം ചെയ്തു തുടങ്ങിയത്.

പൈപ്പ് ലൈൻ റോഡ് വരെയുള്ള കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്ന് അരുവിക്കര സെക്ഷൻ വിഭാഗം വ്യക്തമാക്കി.

വാട്ടർ അഥോറിറ്റിയുടെ വലിയ പൈപ്പ് ലൈൻ കടന്നുപോകുന്ന ഭാഗങ്ങളിൽ ഒരു നിർമാണ പ്രവർത്തനങ്ങളും നടത്തരുതെന്നും താത്കാലികമായിട പോലും കടകളും മറ്റും സ്ഥാപിക്കരുതെന്നും നിർദേശമുണ്ട്. കൈയേറ്റക്കാർക്ക് അസിസ്റ്റൻറ് എക്സി. എൻജിനീയർ നേരത്തെ നോട്ടീസ് നൽകിയിരുന്നു സമയപരിധി കഴിഞ്ഞിട്ടും ഒഴിയാത്ത സാഹചര്യത്തിലാണ് നടപടികളുമായി മുന്നോട്ടുപോയത്. നിർദേശിക്കപ്പെട്ട 30 ദിവസത്തെ സമയപരിതിക്കുള്ളിൽ ഒഴിയാത്തവരെ ആവശ്യമായ പൊലിസ് സഹായത്തോടെ ഒഴിപ്പിക്കുന്നതാണ് പുതിയ നടപടിക്രമം.

നോട്ടീസ് നൽകിയിട്ടുള്ള മറ്റു സ്ഥലങ്ങളിലും വരും ആഴ്ചകളിൽ ഒഴിപ്പിക്കൽ നടപടി തുടരുമെന്നും വാട്ടർ അഥോറിറ്റി അറിയിച്ചു.

പൈപ്പ് ലൈൻ റോഡും അനുബന്ധ ആസ്തികളും സംരക്ഷിക്കുന്നതിനും ജല വിതരണ ശൃംഖലയുടെ അറ്റകുറ്റപ്പണികൾക്കും പരിപാലന പ്രവർത്തനങ്ങൾക്കും തടസമില്ലാതെ പ്രവേശനം ഉറപ്പാക്കുന്നതിനാണു